Talented Bankers Literary Panel

പുസ്തക പരിചയം 77

പരിചയപ്പെടുത്തുന്നത്
കെ ജി ഉണ്ണികൃഷ്ണൻ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
കുമ്പള ശാഖ

പുഴ പറഞ്ഞ കഥ (നോവൽ)
ജി വിൽസൺ കോന്നി

" ഭാഷയുടെ താളവും ശ്രുതിയും തെറ്റാതെ എഴുതപ്പെട്ട നോവൽ" എന്ന് പുറംചട്ടയിൽ തന്നെ എഴുതിയതിനാലാണ് ഈ നോവൽ വായനയ്ക്ക് തെരഞ്ഞെടുത്തത്

സർക്കാർ സേവനത്തിൽ നിന്ന് വിരമിച്ചതിനു ശേഷം എഴുതിത്തുടങ്ങിയ കഥാകാരൻ്റെ ആദ്യ കൃതിയാണ് ഇത്

നൃപൻ ജി പണിക്കർ എന്ന കഥാപാത്രത്തിലൂടെ ഒരു പുരുഷായുസിൻ്റെ കഥ പറയാൻ ശ്രമിക്കുന്നു.

യൗവനത്തിൽ തളിരിട്ട പ്രണയം. സ്വന്തമാക്കാൻ ശ്രമിച്ച "കൈത്തിരി" എന്ന കാമുകിയെ നൃപന് ജോലി കിട്ടുന്നതിനു മുമ്പ് മരണം കവർന്ന് കൊണ്ടുപോയി . പിന്നീട് "വർണ്ണ " യുമായുള്ള വിവാഹത്തിനുശേഷം ബന്ധു ജനങ്ങളിൽ നിന്ന് ഭർത്താവിൻ്റെ മുൻ പ്രണയം അറിയുന്ന ഭാര്യ വർണ്ണിമയിൽ ഉടലെടുക്കുന്ന സംശയങ്ങളും അവരുടെ ജീവിതത്തിലുടനീളം ഈ സംശയം കൊണ്ട് ഉണ്ടാകുന്ന ദുഃഖവും ഈ കഥയിൽ പറയുന്നു. മൂന്നു കുട്ടികൾ ആയതിനുശേഷവും തുടരുന്ന ഈ മാനസികവിഭ്രാന്തി മൂലം വർണ്ണിമ ഭർത്താവിനെ കൊല്ലുകയും അത് മൂലം ജയിലിൽ ആവുകയും ചെയ്യുന്നു . ജയിൽ മോചിത അയശേഷം ഭർത്താവിനെ കുഴിമാടത്തിൽ എത്തി അവിടെ കിടന്നു തന്നെ മരണം വരിക്കുന്നു.

നോവലിൽ ചെറുചെറു അധ്യായങ്ങളിലായി കഥ പറഞ്ഞു പോകുന്നു കഥയുടെ ഭാഷയോ കഥാപാത്രങ്ങളോ സന്ദർഭങ്ങളോ വായനക്കാരിൽ പ്രത്യേകിച്ച് യാതൊരു വികാരങ്ങളും ഉണ്ടാകുന്നില്ല. ഒരു ഒഴുക്കിൽ അങ്ങനെ വായിച്ചു പോകാം പ്രത്യേകിച്ച് ഒന്നും ചിന്തിക്കാൻ ഇല്ലാതെ.

കഥയിൽ ചില സ്ഥലങ്ങളിൽ
അച്ഛൻകോവിലാറിനെക്കുറിച്ച് പറയുന്നുണ്ട്.ഈ കഥയും
അതുപോലെതന്നെ ശാന്തമായി പോകുന്നു. നിളയുടേതു പോലെ
മനസ്സിന് കുളിർമ നൽകുന്ന സൗന്ദര്യം ഇല്ലാതെ; ഇരുന്ന് ചിന്തിക്കാൻ
വിശാലമായ മണൽപ്പരപ്പുകളില്ലാതെ; ദൂരയാത്രയുടെ ഒരായിരം
കഥകൾ പറയാതെ *വെറുമൊരു* പുഴ

പ്രസാധകർ ഉണ്മ പബ്ലിക്കേഷൻസ്
വില - Rs.120/-